**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അന്തർ സംസ്ഥാന നികുതിവെട്ടിപ്പ് തടയുന്നതിനും ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജി.എസ്.ടി എന്നത് ഇന്ത്യയിലാകമാനം ഒരേ നികുതി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ള ഒരു നികുതി വ്യവസ്ഥയായതിനാൽ, അന്തർ സംസ്ഥാന നികുതി വെട്ടിപ്പ് എന്നത് ഏറെക്കുറെ അപ്രസക്തമാണെങ്കിലും, ഇൻവോയ്സ് ഇല്ലാതെയും, ഇ-വേ ബിൽ എടുക്കാതെയും അതിർത്തി കടന്നു വരുന്നതും, സംസ്ഥാനത്തിനുള്ളിൽ ചരക്ക് നീക്കം നടത്തുന്നതുമായ വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും നടപടികൾ എടുക്കുന്നതിനും കുറ്റമറ്റ രീതിയിലുള്ള സംവിധാനങ്ങൾ സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിനായി അതിർത്തി പ്രദേശം കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.കൂടാതെ സംസ്ഥാനത്തുടനീളം 22 സ്ഥലങ്ങളിലായി അത്യാധുനിക എ.എൻ. പി. ആർ സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് അവയെ ഇ-വേ ബിൽ പോർട്ടലുമായി ലിങ്ക് ചെയ്ത് ചരക്കു വാഹന നീക്കത്തെ നിരീക്ഷിച്ച്, ക്രമക്കേടുകൾ കണ്ടെത്തിയും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വകുപ്പിന്റെ പുന:സംഘടന നടപ്പിലാക്കിയ സാഹചര്യത്തിൽ ഇവയുടെ പ്രവർത്തനം കുറെക്കൂടി കൂടുതൽ കാര്യക്ഷമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | നികുതി വെട്ടിച്ച് കടന്നെത്തുന്ന വാഹനങ്ങളെ പിടികൂടാൻ അതിർത്തികളിൽ ചെക്ക് പോസ്റ്റുകൾക്ക് പകരം സ്ഥാപിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ കാര്യക്ഷമമല്ല എന്നത് വസ്തുതയാണോ; | (ബി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കീഴിൽ 9 ജില്ലകളിലായി 22 സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ ക്യാമറകളിൽ, വാഹനം ഇടിച്ചു കേടുപാട് സംഭവിച്ച വയനാട് മുത്തങ്ങയിലെ ക്യാമറ ഒഴികെ 21 എണ്ണം |

| | | | |
|---|---|---|---|
| | | | പ്രവർത്തനക്ഷമമാണ്. ഈ ക്യാമറകളെ ആ പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുമായി മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ച്കൊണ്ട് നിരീക്ഷണം നടത്തി വരുന്നുണ്ട്. ഈ ക്യാമറകൾ വഴി കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം , അതിർത്തി പ്രദേശങ്ങളെ നിരീക്ഷിച്ചും, അത് വഴി കടന്നു വരുന്ന വാഹനങ്ങളിലൂടെയുള്ള ചരക്ക് നീക്കം വിലയിരുത്തി വരുന്നു. വകുപ്പിന്റെ പുന:സംഘടന നടപ്പിലാക്കിയ സാഹചര്യത്തിൽ ഇവയുടെ പ്രവർത്തനം കുറെക്കൂടി കൂടുതൽ കാര്യക്ഷമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കേടുപറ്റിയ ക്യാമറയുടെ തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ച എ.എൻ.പി.ആർ. (ആട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റക്കഗ്നിഷൻ) ക്യാമറകളിൽ നിരവധി എണ്ണം നിശ്ചലമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കീഴിൽ 9 ജില്ലകളിലായി 22 സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ ക്യാമറകളിൽ, വാഹനം ഇടിച്ചു കേടുപാട് സംഭവിച്ച വയനാട് മുത്തങ്ങയിലെ ക്യാമറ ഒഴികെ 21 എണ്ണം പ്രവർത്തനക്ഷമമാണ്. ഈ ക്യാമറകളെ ആ പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുമായി മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ച്കൊണ്ട് നിരീക്ഷണം നടത്തി വരുന്നുണ്ട്. ഈ ക്യാമറകൾ വഴി കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം, അതിർത്തി പ്രദേശങ്ങളെ നിരീക്ഷിച്ചും, അത് വഴി കടന്നു വരുന്ന വാഹനങ്ങളിലൂടെയുള്ള ചരക്ക് നീക്കം വിലയിരുത്തി വരുന്നു. വകുപ്പിന്റെ പുന:സംഘടന നടപ്പിലാക്കിയ സാഹചര്യത്തിൽ ഇവയുടെ പ്രവർത്തനം കുറെക്കൂടി കൂടുതൽ കാര്യക്ഷമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കേടുപറ്റിയ ക്യാമറയുടെ തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ